**Ramesh**

**From:** "Ramesh" <rameshn@cdactvm.in>
**To:** "Ramesh" <rameshn@cdactvm.in>
**Sent:** Wednesday, April 25, 2007 9:10
**Subject:** idappali mammankam-2

# Monday, April 23, 2007

കടപ്പാട്:-അരവിന്ദ്

### കൊട്ടാരക്കര സൂപ്പർഫാസ്റ്റ് (മാമാങ്കം ഭാഗം 2)

ഇടപ്പള്ളിയിൽ നിന്നും സിറ്റിയിലുള്ള ട്രാൻസ്പോർട്ട് ബസ്സ് സ്റ്റാന്റിലെത്തിയപ്പോളേക്കും മനസ്സ് ഒരുമാതിരി ശാന്തമായിരുന്നു.
പോരുന്ന വഴിക്ക്, കലൂരുള്ള സെന്റ് ആന്റണീസിന്റെ പള്ളിയും ശ്രദ്ധിച്ചു. അവിടെ കുട്ടത്തിരക്ക്. റോഡിൽ വരെ ആൾക്കാർ തിങ്ങി നിൽക്കുന്നു.
നമ്മള് ആപ്ലിക്കേഷൻ കൊടുത്ത കൌണ്ടറ് മാറിപ്പോയോ? ആളോളടെ ഇടി കണ്ടിട്ട് 'സെയില് ' കമ്പ്ലീറ്റ് ഇവടെയാണെന്നാണ് തോന്നുന്നത്. ആഹ്..എന്തെങ്കിലുമാകട്ടെ. ജോലി പേരിന് കിട്ടി. കോളേജിൽ തൽക്കാലം പിടിച്ചു നിൽക്കാനതായി. ഇനി ജോലിക്ക് പോകാതിരിക്കുന്നതിന് വീട്ടിൽ എന്ത് കാരണം പറയും എന്നതാണ് പ്രശ്നം. സപ്ലീയെഴുതാനാണെന്ന് പറയണോ? പറഞ്ഞാലും വീട്ടിൽ നൂറ്റിനാല്പത്തൊന്നൊന്നും പ്രഖ്യാപിച്ച് ലാത്തിച്ചാർജൊന്നും നടക്കാൻ പോണില്ല, അമ്മക്ക് ഇത്തിരി ടിയർ ഗ്യാസ് പ്രശ്നമുണ്ടാകും എന്നതൊഴിച്ച്. എറണാകുളത്ത് നിന്ന് ചങ്ങനാശേരി വരെ എത്തുന്ന നേരം കൊണ്ട് പറ്റിയ ഒരു കള്ളം ആലോചിക്കാം.

സ്റ്റാന്റിൽ വൈക്കം വഴി പോകുന്ന ഒരു കോട്ടയം ലിമിറ്റഡ് സ്റ്റോപ്പ് "ഓടി നാറി" കിടക്കുന്നു. ഒരു മണിക്കൂർ കഴിഞ്ഞെങ്ങോ പോകുന്നതാണ്. സമയം ഏഴരയായിരിക്കുന്നു. അതിൽ കയറിയിരുന്നു. ധൃതിയൊന്നുമില്ല. വിശപ്പും കെട്ടിരിക്കുന്നു.

അപ്പുറത്ത് അതാ ഒരു സൂപ്പർഫാസ്റ്റ് വന്നിരിക്കുന്നു. അതിന്റെ വാതിൽക്കൽ കൂട്ടയിടി. എങ്ങോട്ട് പോകുന്നതാണെന്ന് നോക്കിയില്ല. ഒഴിഞ്ഞ ഓഡിനറിയിലെ ഇരുട്ടിൽ, കാലുകൾ നീട്ടിവച്ചിരുന്നു.

"ഡാ അരവിന്ദേ...ഇറങ്ങി വാഡാ..ഇതേ പാം..." അബ്രഹാമിന്റെ അലറു കേട്ടാണ് പുറത്തേക്ക് നോക്കിയത്.
അവൻ അപ്പുറത്തെ സൂപ്പർ ഫാസ്റ്റിന്റെ വാതിൽക്കൽ നിൽക്കുന്നു.

"കോട്ടയാണോ?"

“കൊട്ടാരക്കര..ഇപ്പം പോം..ബാ”

“അതില് സീറ്റില്ലെഡേയ്...” ഞാനൊഴിയാൻ ശ്രമിച്ചു.

“ഒണ്ട്രാ..ബാക്കില്...വേം വാ..”

സൂപ്പർ ഫാസ്റ്റിന്റെ വാതിലിൽ കൂടി അകത്തേക്ക് പാളിനോക്കിയപ്പോൾ ഞാൻ ഒന്നു ഞെട്ടി..അതാ അകത്തിരിക്കുന്നു ആനച്ചെവി.
ദൈവമേ നീ എന്തുട്ട് കല്പിച്ചാ ഈ പ്രലോഭനം? ചേരാൻ പറ്റാത്ത ജോലി തന്ന് വടിയാക്കിയതിന്റെ കോമ്പൻസേഷനാ? ഇതൊന്നും പോരാ ട്ടാ.

ചങ്ങനാശേരി വരെ ഒരുമിച്ച് ഒരു ബസ്സിൽ പോകാൻ കഴിയുന്നത് നല്ല ഒരു ചാൻസാണ്..വേണെങ്കിൽ പരിചയപ്പെടാം..ഫൌണ്ടേഷനിടാം...പോസ്റ്റ് നാട്ടാം...ഇമ്പ്രഷൻ ബിൽഡ് ചെയ്യാം. ജോലി കിട്ടി അവള് നല്ല മൂഡിലൊക്കെ ആയിരിക്കും. പക്ഷേ എനിക്കൊരു മൂഡില്ല അതാ പ്രശ്നം.

പക്ഷേ സൂപ്പർഫാസ്റ്റിൽ കണ്ടക്ടർ കയറിയതും, ഒറ്റക്കുതിക്ക് ഓർഡിനറിയുടെ പുറത്തെത്തി, അടുത്ത കുതിക്ക് സൂപ്പർഫാസ്റ്റിന്റകത്തെത്തി, ഞാൻ.
എന്ത് വേണ്ടാന്ന് വച്ചാലും അവസാനം വേണം ന്ന് വക്കും..നൂൺഷോ കാണാൻ പോകുമ്പോഴും സംഭവിക്കുന്നത് ഇത് തന്നെ. മനസ്സിന് ഒരു ബലം ല്യ.

അബ്രഹാം പറഞ്ഞത് നേര്. ഏറ്റവും ബാക്കിലെ നീളമുള്ള സീറ്റിൽ സ്ഥലമുണ്ട്. അതിൽ ആണുങ്ങൾ സ്ഥാനം പിടിച്ചിരിക്കുന്നു. അവിടെ എബ്രഹാമും ഇരിപ്പുണ്ട്. തൊട്ടുമുന്നിലെ പെണ്ണുങ്ങളുടേ സീറ്റിൽ അതാ ആനച്ചെവിയും കൂട്ടുകാരികളും, പുറം തിരിഞ്ഞ്.
ഓ..ഇങ്ങനെ ഫേസിന്റെ ഒരു വ്യൂ കിട്ടാതെ ബാക്കില് ഇരുന്നാലൊന്നും വാനംതോണ്ടലും കുറ്റിയടിക്കലും നടക്കുല.

അല്ലെങ്കിൽ തന്നെ അവള് ഹൈദ്രാബാദിൽ പോയാൽ പിന്നെ ഞാനെന്ത് ചെയ്യും! കിട്ടിയ ജോലി സപ്ലി കാരണം കളഞ്ഞവൻ എന്നൊക്കെ അറിഞ്ഞാൽ പിന്നെ എന്റെ കല്യാണത്തിന് പെണ്ണായിട്ടല്ല, കൂടാനായിട്ട് പോലും അവള് വരുല.

തൽക്കാലം അവളെ വിടാം. ലോകത്ത് വേറേം പീസുകൾ ഉണ്ടല്ലോ-സപ്ലിയുള്ള പീസുകൾ.

“നീങ്ങിയിരിയഡെ.” അബ്രഹാമിനോട് ഞാനൊന്നുറക്കെ പറഞ്ഞു. പിന്നിൽ പുതിയൊരാളുണ്ടെന്ന് മുന്നിൽ അറിഞ്ഞോട്ടെ-വെർതെ.

അബ്രഹാം കാലുമാറ്റി നിർമ്മിച്ച പച്ചസീറ്റിന്റെ ത്രികോണത്തിൽ അർദ്ധപൃഷ്ഠസ്പർശാസനത്തിൽ ഞാൻ ഉപവിഷ്ടനായി. സൂപ്പർഫാസ്റ്റ് നീങ്ങി. പിന്നിലിരിക്കുന്ന എന്റെ മുൻപിലത്തെ സീറ്റിൽ

നന്ദിനിയാണ്. തിരിഞ്ഞു നോക്കുന്നതേയില്ല. ഞാനും പിന്നിലിരുന്ന് ഒന്നും മിണ്ടുന്നില്ലല്ലോ. സൂപ്പർഫാസ്റ്റിന്റെ വേഗതയിൽ നന്ദിനിയുടെ മുടി പാറിപ്പറന്ന് കളിക്കുന്നു. കുറേ നേരം അവൾടെ മുടിയിൽ താരനുണ്ടോ എന്ന് സൂക്ഷിച്ചു നോക്കിയിരുന്നു. മടുത്തപ്പോൾ പുറത്തോട്ട് നോക്കിയിരുന്നു. അബ്രഹാം ഉറക്കം തൂങ്ങി, പന്ത്രണ്ടിൽ നിന്ന് മൂന്നിലേക്ക് പോകുന്ന മിനിട്ട് സൂചി പോലെ എന്റെ തോളിലേക്ക് ചാഞ്ഞ് ചാഞ്ഞ് വരുന്നു.

ആകെപ്പാടെ ബോറഡി.മനസ്സിൽ വല്ലായ്മ. പ്രൈസടിച്ച ലോട്ടറി ടിക്കറ്റ് പോക്കറ്റിലിട്ട്, ആ ഷർട്ട് അലക്കി പിഴിഞ്ഞവന്റെ അവസ്ഥ.ഹോ..ഒടുക്കത്തെ സപ്ലി..പ്രാകീട്ടും പ്രാകീട്ടും മതിയാവുന്നില്ല.

പെരുമ്പാവൂരിൽ നിന്നാണെന്നാണ് ഓർമ. ബസ്സിൽ ആൾക്കാർ ഇടിച്ചു കയറി. ബസ്സിലെ നടവഴിയിലെല്ലാം ആളു തിങ്ങി. ഏറ്റം പിന്നിലെ സീറ്റിലിരിക്കുന്ന ഞങ്ങൾക്ക് മുന്നോട്ട് നോക്കിയാൽ കാണാൻ, നിൽക്കുന്നവരുടെ ചെളി പറ്റിയ പിൻഭാഗങ്ങൾ മാത്രം. ബസ്സിൽ കാർബൺ ഡൈ ഓക്സൈഡിന്റേയും വിയർപ്പിന്റേയും അതിപ്രസരം. പണ്ടാരടക്കാൻ..ഓഡിനറിയിൽ സുഖായി വരാരുന്നു.

സീറ്റിന്റെ മുന്നിൽ ഒരു മുഠാളൻ വന്നു നിന്നത് ആദ്യം അങ്ങനെ ശ്രദ്ധിച്ചില്ല. പക്ഷേ അവന്റെ കൈയ്യെടുത്ത് എന്റെ മുന്നിൽ, നന്ദിനി ഇരിക്കുന്ന സീറ്റിന്റെ ചാരുപലകയുടെ മുകളിലുള്ള കമ്പിയിൽ വച്ചപ്പോൾ ഞാനൊന്ന് തലപൊക്കി നോക്കി.
കാരണം, അവന്റെ കൈയുമ്മേൽ എന്താ മസില് ! വീട്ടിൽ കെടക്കണ പ്ലാവുംതടിയുടെ റ്റീപ്പോയിടെ കടഞ്ഞ കാലിന്റെ ഷേപ്പും കളറും.
ഞാൻ എന്റെ കൈയിലേക്ക് ഒന്ന് നോക്കി. ഉം..ഇരുമ്പുലക്കക്കിട്ടുത്ത് പടവലം വച്ച പോലെയുണ്ട്. പക്ഷേ അവന്റെ മോറ് പോര. കവിള് പാതിചുട്ട പപ്പടം പോലെ ആകെ കുരുകുരാ. മീശയുണ്ട്. ബാക്കി മുഖം കാണണില്ല.
ഇട്ടിരുന്ന പാന്റിന്റെ ബാക്ക്പോക്കറ്റിന്റെ മുകളിലുള്ള ബട്ടന്റെ സ്ഥാനത്ത് നൂലുകൾ മാത്രം. ഇൻ ചെയ്ത ഷർട്ടിന്റെ പിന്നിൽ ചെളി വരകളും രണ്ട് മൂന്ന് കുഞ്ഞ്യേ തുളകളും..ഉം..സാമ്പത്തികം മോശം. പെരുമ്പാവൂരിലെ വല്ല വർക്ക്ഷോപ്പിലും മെക്കാനിക്ക് ആയിരിക്കും.

സപ്ലി കഴിഞ്ഞിട്ട് വേണം ശരീരൊമൊക്കെ ഇമ്മാതിരി ഒന്നു പുഷ്ടിപ്പെടുത്താൻ.

വണ്ടി വീണ്ടും വിട്ടു. കാറ്റടിച്ചു. ബസ്സിൽ വീണ്ടും ഫ്രഷ് എയറ് കേറി. നന്ദിനിയുടേ മുടി പിന്നേയും പാറി.
ഞാൻ മെല്ല കണ്ണടച്ചു ഒന്നു മയങ്ങാൻ ശ്രമിച്ചു. പിൻസീറ്റിലുള്ളവർ എല്ലാവരും ഉറങ്ങി, കാറ്റു പിടിച്ച അടക്കാമരങ്ങൾ പോലെ അങ്ങോട്ടുമിങ്ങോട്ടും ആടിക്കൊണ്ടിരിക്കുന്നു.

ഇടക്ക് ഞാനൊന്നു കണ്ണുതുറന്നപ്പോൾ അത് കണ്ടു.
കണ്ടിട്ടും ഏയ്..തോന്ന്യതായിരിക്കും എന്ന് കരുതി വീണ്ടും കണ്ണടച്ച് ഇരുന്നു.

പക്ഷേ വീണ്ടും സംശയിച്ച് ഒരു കണ്ണ് മാത്രം മെല്ലെത്തുറന്ന് നോക്കിയപ്പോൾ ......അതെ..അതന്നെ. കശ്മലൻ!

മുന്നിൽ നിന്ന മെക്കാനിക്ക് മാപ്പിള, നന്ദിനിയുടെ സീറ്റിന്റെ പിന്നിലെ കമ്പിയിൽ വച്ചിരിക്കുന്ന കൈകൊണ്ട്, പാറി നടക്കുന്ന അവളുടെ തലമുടിയിഴകളിൽ മെല്ല മെല്ലെ തലോടുന്നു!!

പൂണ്ടടക്കം ഞെട്ടിപ്പോയി - കേരളസംസ്കാരത്തിന്റെ തനത് കലാരൂപമായ "എർത്തിംഗ്" പെരുമ്പാവൂരിലെ ഒരു യുവകലാകാരൻ എന്റെ സ്വന്തം കുട്ടിയായ നന്ദിനിയുടെ മേൽ പ്രയോഗിക്കാൻ തുടങ്ങുന്നുവോ!
എഡാ ഡാഷേ, എനിക്ക് സപ്ലിയുണ്ടെന്നത് ശരി തന്നെ..എന്നാലും ഞാനവള കസ്സീറ്റ് വേണ്ടാന്ന് വച്ചിറ്റില്ലാ ട്ടാ..മനസ്സിൽ ഞാൻ മുരണ്ടു.

മനസ്സിൽ മുരണ്ടാൽ അവൻ കേൾക്കുമോ..എന്തു ചെയ്യണം? എണീറ്റ് നിന്ന് "ശ്. ശ്.ചേട്ടാ" എന്ന് വിളിച്ച് തിരിഞ്ഞ് നോക്കുമ്പോ മോന്തക്കൊരടി? അല്ലെങ്കിൽ തോണ്ടി വിളിച്ച് , കൈയ്യുടക്കാൻ കണ്ണു കൊണ്ടാംഗ്യം? ഒന്നും പറയാതെ ബലമായി കൈ പിടിച്ച് മാറ്റൽ? നന്ദിനിയെ വിളീച്ച് "ദേ ഈ ഹ്യൂണ്ടായ് മോൻ തോന്ന്യാസം കാട്ടണൂ" എന്ന് പറയൽ?

ഒന്നും ചെയ്യാൻ സാധിക്കുന്നില്ല- എത്ര ശ്രമിച്ചിട്ടും അങ്ങോട്ടിടപെടാൻ ഒരു മടി.

കാരണം ഒന്ന്, അവന്റെ ഒടുക്കത്തെ മസില്...ഇമ്മാതിരി മൊതലുകൾ ലോക്കലാണെങ്കിൽ വാദി പ്രതിയായി ഞാൻ അടിവാങ്ങാൻ നിമിഷങ്ങൾ മതി.
രണ്ട് എനിക്ക് സപ്പോർട്ടില്ലായ്മ. കൂടെയുള്ളത് ചുക്കിനും ചുണ്ണാമ്പിനും കൊള്ളാത്ത എബ്രഹാമാണ്. അടിയുണ്ടാക്കാൻ പോയിട്ട്, എന്റെ ഡെഡ് ബോഡി താങ്ങാനുള്ള കരുത്ത് പോലും അവനില്ല.
"ലാലേ, ഷാജീ, മൊയ്തീനേ, നിസാറേ.....ഐ മിസ്സ് യൂ ആൾ ഡാ..." നവോദയയിലെ ഗ്യാംഗിനെ മനസ്സിൽ വിളിച്ച് തേങ്ങി.

പാവം നന്ദിനി. മുടിയിഴകൾക്ക് സ്പർശനശക്തി കുറവായതിനാലാകാം, മെക്കാനിക്കിന്റെ പരാക്രമം അവൾ അറിയുന്നില്ല. എങ്കിലും ബസ്സ് ബ്രേക്കിടുമ്പോൾ അവൾ മുന്നോട്ടായുകയും അന്നേരം മെക്കാനിക്കിന്റെ വിരലുകൾക്കിടയിലെ മുടി വലിയുകയും ചെയ്യുന്നതിനാൽ അവൾ അല്പം അസ്വസ്ഥതയോടെ മുടി എല്ലാം ഒതുക്കി വയ്ക്കുന്നുണ്ട്. തിരിഞ്ഞു നോക്കാതെ. പക്ഷേ മുടി അടങ്ങിയിരിക്കുന്നത് നിമിഷങ്ങൾ മാത്രം..വീണ്ടും കാറ്റടിക്കും, മുടി പാറും, ഇഴകൾ മെക്കാനിക്കിന്റെ ചുട്ട മത്തിയുടെ ഷേപ്പുള്ള കറുത്ത വിരലുകൾക്കിടയിലെത്തും.

ഞാനിരുന്നുരുകി. എപ്പാ ഞാനിത്ര ഭീരുവായത്? ങ്ഹേ? അല്ല, അതിനു ഇതിനുമുൻപും ധീരത പ്രദർശിപ്പിക്കാൻ വലിയ അവസരമൊന്നും ലഭിച്ചിട്ടില്ലാലോ.പണ്ടൊരു നടവഴി പ്രശ്നത്തിൽ വകേലൊരമ്മാവൻ അയൽക്കാരനോട് വഴക്കിടാൻ ഒരു ബലത്തിന് എന്നെ വിളിച്ചു കൊണ്ട് പോയതും , അയൽക്കാരൻ അമ്മാവന്റെ മോന്തക്കൊന്ന് പൊട്ടിച്ചപ്പോൾ "ബാ പാം മ്മാവാ" എന്ന്

പറഞ്ഞതുമാണ് ഏറ്റം ഒടുവിൽ എന്റെ പെർഫോർമൻസ്. എന്റെ നിർജ്ജീവത അമ്മാവൻ ആരോടും പറഞ്ഞില്ല..”ഇവൻ പറഞ്ഞത് കൊണ്ട് ഞാനവനെ കൊല്ലാതെ വിട്ടു” എന്ന അമ്മാവന്റെ ക്ലെയിം ഞാനും ഖണ്ഡിച്ചില്ലല്ലോ.

ആ മെക്കാനിക്കിനെ ഞാൻ തൊഴിച്ചു മലർത്തി. മോന്തക്കിട്ട് ചവിട്ടി. എന്നിട്ടും പോരാഞ്ഞ് അവന്റെ കൈത്തണ്ട ചവിട്ടി ഞെരിച്ചു. അവന്റെ വിരലുകളിൽ കയറി നിന്ന് ഞാൻ ടിസ്റ്റ് കളിച്ചു - അങ്ങനെ പലതും മനസ്സിൽ സങ്കൽപിച്ച് ഞാൻ ഞെരിപിരി കൊണ്ട് പിൻസീറ്റിൽ തന്നെ തീക്കട്ടക്കുമുകളിലെന്നപോലെയിരുന്നു.

ഈ മറുതായോട് ഒന്ന് റിക്വസ്റ്റ് ചെയ്താലോ? ‘ചേട്ടാ..പ്ലീസ്...അവൾടെ മുടീന്ന് വിട്ട് അപ്രത്തിരിക്കുന്നവളെ എന്തും ചെയ്തോ ..ഇത് മ്മടെ സ്വന്തം കുട്ട്യാ” ന്ന്?

എന്റെ അസ്വസ്ഥത ദൈവം കണ്ടോ ആവോ..ബസ്സ് ഒരു ഉഗ്രൻ വളവങ്ങ് തിരിഞ്ഞു. മെക്കാനിക്ക് മറുതായുടെ ബാലൻസ് പോയി. നന്ദിനിയുടെ സീറ്റിന്റെ പിന്നിലെ അവന്റെ കൈ പൊക്കി തലക്ക് മുകളിലെ കമ്പിയിൽ പിടിക്കേണ്ടി വന്നു.

ഒരു നിമിഷം!

ഏറ്റവും ബുദ്ധിപൂർവ്വവും സാഹസികവുമായ ഒരു കമാൻഡോ ഓപ്പറേഷനിലൂടെ ഞാൻ എന്റെ വലം കൈ നന്ദിനിയുടെ സീറ്റിന്റെ പിന്നിലെ കമ്പിയിൽ സ്ഥാപിച്ചു!
ഇനി അവൻ കൈ എവിടെയാ വയ്ക്കണേ എന്നൊന്ന് കാണണല്ലോ! ഇനി ചങ്ങനാശേരി എത്തി നന്ദിനി പടിയിറങ്ങും വരെ എന്റെ ഈ വലംകൈ ഇവടെ നിന്ന് ചലിക്കില്ല! ഇത് ഇടപ്പള്ളി മാതാവാണെ സത്യം!

തന്റെ എർതിംഗിന്റെ സ്പോട്ടിൽ വേറൊരുത്തൻ കൈ വച്ചിരിക്കുന്നത് കണ്ട് മെക്കൻ കരിമൂർഖ എന്നെ തല ചരിച്ചൊന്നു നോക്കി.
ഞാൻ മുക്കണ മുഖഭാവത്തിൽ ഡ്രൈവറെ നോക്കിയിരുന്നു. പേടിച്ചൊട്ടുന്നല്ല. നമക്ക് പെൺകുട്ട്യോളെ രക്ഷിച്ചാൽ മാത്രം പോരേ. “പോടാ പട്ടീ എന്നോടാ കളി“ എന്ന് അവനോട് മനസ്സിൽ പറഞ്ഞു.

മുടിക്കും (എന്റെ)തടിക്കും കേടില്ലാതെ സംഗതി സോൾവാക്കിയതിന്റെ ചാരിതാർഥ്യം എന്റെ മുഖത്ത് വിരിഞ്ഞു.
അടുത്ത നിമിഷം-

വണ്ടി ഉലഞ്ഞതിനാലാണോ, വണ്ടിക്ക് ബാലൻസ് പോയത് പോലെ, കഴുത്തിന്റെ ബാലൻസ് പോയതാണോ, ആർക്കറിയാം, നന്ദിനി മുടിയൊക്കെ ഒന്നൂടെ ഒതുക്കി “ആരാ ഈ ശല്യം” എന്ന ഭാവത്തിൽ തിരിഞ്ഞു ഒരു നോട്ടം!

അമ്മൂമ്മസത്യം, എന്റെ വിരലിലെ ഒരു കോശം പോലും അവൾടെ മുടിയുടെ ഒരു കോശത്തിൽ തൊട്ടിട്ടില്ല. എന്നിട്ടും അവൾ കണ്ടത്, സീറ്റിന്റെ കമ്പിയിൽ കൈ പിടിപ്പിച്ചിരിക്കുന്ന എന്നെ!

ഓഹോ നീയാ ഈ പരിപാടി ചെയ്യണേ എന്നൊരു മുഖഭാവം നന്ദിനിയുടെ മുഖത്ത്....പൂരികക്കൊടി വളഞ്ഞോ? മുഖമിരുണ്ടോ? അവൾ ഒന്നു വെട്ടിത്തിരിഞ്ഞിരുന്ന് മുടി നല്ലോം ഒതുക്കി, ചുരീദാറിന്റെ ഷാളിന്റുള്ളിലാക്കി, ഈ അലവലാതി കാരണം ചാരി ഇരിക്കാനും പറ്റില്ലാ എന്ന മട്ടിൽ, മുൻപിലത്തെ സീറ്റിന്റെ ചാരുപലകയിലേക്ക് കൈ വച്ച് അതിന്റെ മുകളിൽ മുഖവും വച്ച് കുനിഞ്ഞ് ഒറ്റയിരുത്തം!

പിഴിഞ്ഞ നാരങ്ങ പോലെ ചുളിഞ്ഞു വിളറിയ മുഖവുമായി ഞാൻ പിൻ സീറ്റിൽ ഇരുന്നു. കൈ പോയിട്ട് ഒരു രോമം പോലും ചലിക്കുന്നില്ല.
നന്ദിനിയെ തോണ്ടി വിളിച്ച് "ശ്ശൂ..ശ്ശൂ...കുട്ടീ അതേയ്..അത് ഞാനല്ലാട്ടോ..ഞാൻ രക്ഷിച്ചതാ..ഈ കാലമാടനാ ഇതു വരെ കുട്ടീടെ മുടി....." എന്നൊക്കെ പറയണമെന്നുണ്ടായിരുന്നു.
സാധിച്ചില്ല.

സാഹചര്യത്തെളിവുകൾ കാരണം ശിക്ഷിക്കപ്പെട്ടിട്ടുള്ള എല്ലാവരും പുണ്യാളന്മാരാണെന്ന് ആ നിമിഷം ഞാനുറപ്പിച്ചു.

അവളുമായിട്ടുണ്ടാവാൻ ചാൻസുണ്ടായിരുന്ന ലൈനിന്റെ കാര്യം പോട്ടെ..ഇനി ഇവളു ജോലി ചെയ്യുണ സിറ്റിയിൽ ജോലി ചെയ്യാൻ എനിക്ക് പറ്റ്വോ...ചങ്ങനാശേരീന്ന് ഒരു കല്യാണം ആലോചിക്കാൻ പറ്റ്വോ......എന്റെ ഇമേജ്......ഇനി ഇവളിത് ആരോടൊക്കെ പറയും, എന്തൊക്കെ പറയും...കർത്താവേ മനസ്സാ വാചാ കർമണാ ചെയ്യാത്ത കാര്യത്തിന്....അല്ല, നിന്നേം ഒരു കാര്യോമില്ലാതെയാണല്ലോ ആൾക്കാര് പണ്ട് ഫ്രെയിം ചെയ്ത് വച്ചത്.

അബ്രഹാം ചരിഞ്ഞ് വന്ന് തോളിൽ തടഞ്ഞു നിൽക്കുന്നു. അവന്റെ വായിൽ നിന്ന് അല്പാല്പം ഉമിനീർ എന്റെ ഷർട്ടിലേക്ക് ഇറ്റുന്നുണ്ട്.
സാരമില്ല. നാറാൻ ഇനി ഒന്നും ബാക്കിയില്ലല്ലോ.

* * * * *
വീട്ടിൽ ചെന്നു ദിവസങ്ങൾ കഴിഞ്ഞു.
അതിനകം ഇടപ്പള്ളിയുടെ ഒരു ആജീവനാന്ത ആരാധകനായി മാറിയിരുന്നു ഞാൻ. പബ്ലിസിറ്റി ഇഷ്ടമുള്ള അച്ചായനായത് കൊണ്ട് ഒന്ന് സന്തോഷിപ്പിച്ചേക്കാം എന്ന് കരുതി പതിനഞ്ച് പോസ്റ്റ് കാർഡുകൾ വാങ്ങി, "ഇടപ്പള്ളിയിൽ പ്രാർത്ഥിച്ചിട്ട് എന്റെ ഉദ്ദിഷ്ട കാര്യം സാധിച്ചു.നിങ്ങളും പ്രാർത്ഥിക്കുവിൻ. ഈ കാർഡ് പോലെ കാർഡെഴുതി അഞ്ച് പേർക്കയച്ചാൽ ലോട്ടറിയടിക്കും, ഇല്ലെങ്കിൽ ലോറിയിടിക്കും" എന്നെഴുതി അയൽവാസികളായ കൊച്ചമ്മ, ഇളയച്ഛൻ, വലിയച്ഛൻ

തുടങ്ങിയ ബന്ധുക്കൾക്ക് ഊമക്കത്തയച്ചു. അഞ്ച് കാർഡിന്റെ ചിലവുള്ള കാര്യമല്ലേ, ഈ ഭക്തിഭീഷണി പാര പണിഞ്ഞതിന് അയൽവക്കത്ത് താമസിക്കുന്ന ക്രസ്ത്യാനിയായ ജോയിക്കുട്ടിക്ക് കുറ്റം വരുമെന്ന് എനിക്കുറപ്പായിരുന്നു. നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക എന്ന് കർത്താവ് ക്രസ്ത്യനികളോടല്ലേ പറഞ്ഞിട്ടുള്ളൂ...നായന്മാർക്കത് വലിയ പിടുത്തമില്ല. ജോയികുട്ടിക്ക് കുറേ പ്രാക്ക് ഫ്രീയായി കിട്ടി. എന്റെ കഴുത്തിലുള്ള ശബരിമലമാലയുടെ അറ്റത്ത് അബ്രഹാമിന്റെ കൈയ്യിൽ നിന്ന് പിടിച്ച് വാങ്ങിയ ഒരു കൊന്തയും ഞാൻ കൊളുത്തിയിട്ടു. അത് കണ്ട വലിയമ്മ എനിക്കേതോ ക്രസ്ത്യാനിപെണ്ണിനോട് പ്രേമമാണെന്ന് വീട്ടിൽ പറഞ്ഞുപരത്തി.

ജോലിക്കെങ്ങനെയെങ്കിലും ചേരണം എന്ന് വീണ്ടും മോഹം തോന്നാൻ വീട്ടിൽ ചെന്ന് അധികം ദിവസമെടുത്തില്ല. നന്ദിനിയെയോ കൂട്ടുകാരികളേയോ സാവധാനം പറഞ്ഞ് മനസ്സിലാക്കാമല്ലോ..! പോരെങ്കിൽ നല്ല തെലുങ്കൻ പെൺകുട്ട്യോള് കാണും. രംഭയൊക്കെ എന്താ മൊതല്.
വീട്ടിൽ അമ്മയോട് സപ്ലി-ജോയനിംഗ് ഡേറ്റ് വിഷമവൃത്തം അവതരിപ്പിച്ചു. നേർത്തെ പറേണ്ടേടാ എന്ന് അമ്മ ശാസിച്ചു. കോളേജിൽ അമ്മയുടെ സീനിയറായിരുന്ന പി.ജെ കുര്യൻ സാറെ വിളിച്ചു. അങ്ങേര് കേരളാ കോൺഗ്രസ് നേതാവും അമ്മയുടെ അദ്ധ്യാപകനുമായിരുന്ന ജോൺ സാറിനെ കാണാൻ പറഞ്ഞു.കണ്ടു. വന്ദ്യ വയോധികനായ ജോൺസാറ്, ശിഷ്യനും യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗവുമായ കുട്ടനാട് എം.എൽ.എയെ വിളിച്ചു. അദ്ദേഹം നോക്കാമെന്നേറ്റു. എന്റെ അതേ സ്ഥിതിയിലുള്ള മറ്റുള്ളവർ യൂണിവേഴ്സിറ്റിയിൽ മെമ്മൊറാണ്ടം നൽകി...പലയിടത്ത് നിന്നും പ്രഷർ. അവസാനം പരീക്ഷ നേരത്തെയാക്കി! സെപ്റ്റംബർ രണ്ടിലേക്ക്! സെപ്റ്റംബർ രണ്ടിന് ഞാൻ പരീക്ഷയെഴുതി, മൂന്നിന് ട്രെയിനിൽ കയറി. അഞ്ചിന് ഉച്ചക്ക് സെക്കന്തരാബാദെത്തി, ആറിന് ബേഗം പേട്ട് മേഫെയർ സെന്ററിൽ ജോയിൻ ചെയ്തു. എന്താ താമസിച്ചതെന്ന എച്ച്. ആർ ചോദിച്ചു. ഒരു പേപ്പറ് സപ്ലി എഴുതാനുണ്ടായിരുന്നെന്ന് തുറന്നടിച്ചു. വേറെ ഒന്നും കൊണ്ടല്ല, സെപ്റ്റബർ 12 ന് ജോയിൻ ചെയ്യാൻ വേറൊരു ജോലിയും ഞാൻ ദൈവകൃപയാൽ ഒപ്പിച്ചിരുന്നു. ഇത് പോയാ പോട്ടേ എന്നൊരു കണ്ടീഷൻ. ഓകെ, പാസ്സായാൽ അതിന്റെ മാർക്ക് ലിസ്റ്റ് കൊണ്ടുവന്ന് തരണം എന്ന് പറഞ്ഞു.
ഐശ്വര്യമായി ജോലിയിൽ പ്രവേശിച്ചു. ഓഫീസ് രാജ്ഭവൻ റോഡിൽ.നന്ദിനിയുടെ അതേ ആപ്പീസിൽ.

* * * * *

ആദ്യമൊക്കെ ഞാൻ നന്ദിനിയെ ക്യാന്റീനിൽ വച്ചോ , ലിഫ്റ്റിൽ വച്ചോ സൂപ്പർമാർക്കെറ്റിൽ വച്ചോ കണ്ടാൽ മുങ്ങി നടക്കുമായിരുന്നു. നന്ദിനി എന്നെ നോക്കി പുഞ്ചിരിക്കുമായിരുന്നെങ്കിലും ആ ചിരിയിൽ ഒരു ആക്കൽ അല്ലെങ്കിൽ ഒരു പുച്ഛം ഇല്ലേ എന്നൊരു സംശയം എനിക്ക് തോന്നിയിരുന്നു. മാത്രമല്ല, അവളുടെ കൂടെ താമസ്സിക്കുന്ന കൊല്ലംകാരി സിന്ധു, പഞ്ചാബിൽ നിന്നുള്ള ഒരു അഭാ ഗുപ്ത,

ഒറിയക്കാരി ദേബസ്മിതാ ഇവരെയൊക്കെ കൊത്തണമീൻ കൊത്തട്ടെ, എന്നതാണേലും കറി വക്കാം എന്ന രീതിയിൽ ലൈൻ വലിക്കാൻ ഞാൻ മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്ന കാലവും. നന്ദിനിയുടെ ആനച്ചെവി വേണ്ടാ എന്ന് വച്ച കാലം.
എങ്കിലും എന്റെ സ്വഭാവത്തെക്കുറിച്ച് ഒരു സീരിയസ് തെറ്റിദ്ധാരണ അവളുടെ മനസ്സിൽ കിടക്കുമ്പോൾ ആ ഏരിയായിൽ നടുന്ന ഒരു വിത്തും മുളക്കില്ല, ഇനി പാകിയാൽ തന്നെ, പെൺപിള്ളേര് അഭിപ്രായം വല്ലതും അവളോട് ചോദിച്ചാൽ അവൻ വൃത്തികെട്ടവനാണ്, അവൻ പണ്ട് എന്നെ ബസ്സിലിട്ട് പീഢിപ്പിച്ചു എന്നൊക്കെ പറഞ്ഞാൽ..എനിക്ക് പെണ്ണ് പോയിട്ട് പെടക്കോഴിയേപ്പോലും കിട്ടില്ല!

അങ്ങനെ നൂൺഷോ കണ്ടതൊക്കെ വെറുതെയാക്കാൻ മനസ്സില്ലാഞ്ഞതിനാൽ എല്ലാ ധൈര്യവും സംഭരിച്ച്, നന്ദിനിയോട് സത്യാവസ്ഥ പറയാൻ തീരുമാനിച്ചു.

ഒരു ദിവസം ഓഫീസിൽ വൈകുന്നേരം, നന്ദിനിയുടെ അടുത്ത് ചെന്ന് “നന്ദിനീ, ഫ്രീ ആണെങ്കിൽ ക്യാന്റീൻ വരെ ഒന്നു വരോ? ഒരു കാര്യം സംസാരിക്കാനുണ്ടേർന്നു” എന്ന് നവരസങ്ങളും മുഖത്ത് പ്രകടിപ്പിച്ച് പറഞ്ഞു. ധൈര്യം ചോർന്നു പോകാതിരിക്കാൻ വളരെ കഷ്ടപ്പെട്ടു.

ഓ വരാലോ എന്ന് പറഞ്ഞ് അവള് അപ്പോൾ തന്നെ എണീറ്റ് വന്നു.

അവളുടെ കൂട്ടുകാരികൾ എല്ലാവരും തിരിഞ്ഞ് ഞങ്ങളെ നോക്കുന്നു. ഒരു പ്രണയം പൊട്ടി വിരിയുന്നോ? അലവലാതി ശവങ്ങൾ. ഒരാണ് പെണ്ണിനോട് മിണ്ട്യാൽ അപ്പം ചെവി കൂർപ്പിക്കും. ക്യാന്റീനിൽ നിന്ന് തിരിച്ചു വന്നാൽ എന്ത് പറയാനാ വിളിച്ചതെന്ന് ആരോടും പറയരുതെന്ന് നന്ദിനിയെക്കൊണ്ട് കൈയ്യിൽ ടച്ച് ചെയ്യിപ്പിക്കാതെ അമ്മസത്യം ഇടീപ്പിക്കണം എന്ന് ഉറപ്പിച്ചു.

ഫസ്റ്റ് നൈറ്റിൽ ബെഡ്റൂമിലേക്ക് വീട്ടാര് നോക്കി നിൽക്കെ പോണ ചെക്കനെ പോലെ, ഞാൻ നന്ദിനിയുടെ മുന്നിലായി ക്യാന്റീനിലേക്ക് ചമ്മലോടെ നടന്നു.

അവിടെ ഒഴിഞ്ഞ ഒരു മൂലക്ക് ഇരുന്നു.

“ഐസ്ക്രീം വേണോ?” എന്തെങ്കിലും പറഞ്ഞ് തുടങ്ങണ്ടേ.

“ആയ്ക്കോട്ടെ....” നന്ദിനി ചിരിച്ചു. അയ്യേ ഇവടെ പല്ല് ഒരു സൈഡിൽക്ക് ചരിഞ്ഞതാണ്.

ഇരുപത്തഞ്ച് രൂപേടേ വാൾസ് ചോകോനട്ട് അവള് ഓർഡറ് ചെയ്തു. ഞാനൊരു മാംഗോ ജ്യൂസും. അത്രേം പൈസ മാറികിട്ടി.

“അതേ പിന്നേയ്.......“ എന്റെ വണ്ടി കേറ്റം വലിച്ചു. ജ്യൂസ് ഒരിറക്ക് കുടിച്ചു.
അവളുടെ മുഖത്ത് നേരിയ ഒരു പ്രതീക്ഷ?

“അന്ന് ജോലി കിട്ടീട്ട് നമ്മള് ഒരേ ബസ്സിലല്ലേ ചങ്ങനാശേരിക്ക് പോയത്? ഓർക്കണില്ലേ”

“അതെ” അവളുടെ മുഖത്ത് കൺഫ്യൂഷൻ. “ഓർക്കുന്നൊണ്ട്..”

ഭാഗ്യം.നേരെ കാര്യം പറയാം.

“അന്ന് ജോലികിട്ടി ചങ്ങനാശേരീൽക്ക് തിരികെ പോണ വഴി ബസ്സില് നന്ദിനീടെ മുടീപ്പിടിച്ച് വലിച്ചത് ഞാനല്ല!“
ഒറ്റശ്വാസത്തിൽ പറഞ്ഞു തീർത്തു-കയ്പുള്ള കഷായം ഒറ്റവലിക്ക് കുടിക്കണം.

നന്ദിനിയുടെ മുഖം മങ്ങി. അവൾ ഒരു ഐ ലൌ യൂ പ്രതീക്ഷിച്ചോ?

“മുട്യോ? എന്ത് മുടി?”

ഞാനൊന്നു ഞെട്ടി. “അന്ന് ബസ്സില്.....നന്ദിനീടെ മുടീല് ആരോ വലിച്ചില്ലേ..ഓർക്കണില്ലേ?”

“വലിക്യേ? അരവിന്ദനെന്താ പറ്റിയേ?”

“അയ്യോ..വലിച്ചു..പക്ഷേ ഞാനല്ലാ..വേറെ ഒരുത്തൻ...നന്ദിനി ഞാനാണോ ന്ന് തെറ്റിദ്ധരിച്ചൂന്ന് എനിക്കൊരു തോന്നൽ..”

“.......“

“....അതൊന്ന് പറഞ്ഞ് ക്ലിയറ് ചെയ്യാനാ..ഞാനല്ലാരുന്നു ട്ടോ..”

“..എന്ത് തെറ്റിദ്ധരിക്കാൻ?.......ഞാൻ ഓർക്കണം കൂടിയില്ല അരവിന്ദേ...ഇങ്ങനൊരു സംഭവം...”

“കള്ളം...”

“അയ്യോ കർത്താവാണെ സത്യം..ഇതായിപ്പം തമാശയായത്! മുടീ പിടിച്ച് വലിച്ചോ? സത്യായിട്ടും എനിക്കറിയത്തില്ല”

കൈയ്യിലിരുന്ന ജ്യൂസ് അവടെ തലയിൽ കൂടി കമഴ്ത്താൻ തോന്നി. കോണൈസ്ക്രീം എടുത്ത് മോന്തക്ക് കുത്താനും.
ഒരു മാലാഖ! മനസ്സിൽ കിടന്നിരുന്ന കാര്യം ഇപ്പോ ശരിക്കും പബ്ലിക്കായി. ഇതുവരെ അവളിത് ആരോടും പറഞ്ഞില്ലെങ്കിൽ ഇത് ഇനിയെങ്കിലും നാട്ടിൽ പാട്ടാവും...തമാശ ആയിട്ടെങ്കിലും..സിന്ധൂ, ആഭേ, സ്മിതേ..പ്രിയസഖീസ് പോയ് വരൂ!

“ശോ..ഓർക്കണില്ലേ....ഓകെ..എന്നാൽ പോട്ടെ..എന്റെ ഒരു മനസമാധാനത്തിന് ഞാൻ പറഞ്ഞൂന്നേയുള്ളൂ..ഞാനല്ലാരുന്നു ട്ടാ”

“ഇല്ല, ഞാനങ്ങനെ ഒന്നും ഓർക്കണില്ല..സത്യം”

ഉവ്വെടീ..നിനക്കോർമ കാണില്ല.ജീവിതം എന്റെയല്ലേ.മനസ്സിൽ വന്ന തെറി അടക്കി.

“ഓകെ..സാരല്ല...പക്ഷേ ഇത് ആരോടും പറയണ്ടാട്ടോ..അവര് ചോദിച്ചാൽ എന്റെ ചേച്ചിക്ക് ചങ്ങനാശേരീന്ന് ഒരു കല്യാണാലോചന..ചെറുക്കനെക്കുറിച്ച്ന്വേഷിക്കാൻ വിളിച്ചതാണെന്ന് പറഞ്ഞാ മതി..പ്ലീസ്..”

നന്ദിനി മെല്ലെയെണീറ്റു. ഐസ്ക്രീം തീർന്നിരിക്കുന്നു. എന്തൊരു സ്പീഡ്.

“അതേയ്.....” അവൾ ഒരു ചിരിച്ചു കൊണ്ട് നടക്കാൻ തുടങ്ങി. “ അവരോട് എന്ത് പറയണം എന്ന് ഞാൻ ഒന്നാലോചിക്കട്ടെ! “
എന്നിട്ടവൾ വല്ലാത്ത ഒരു ചിരി ചിരിച്ച് കൊണ്ട് ക്യാന്റീന്റെ പടികളിറങ്ങിപ്പോയി.

ഹൈദ്രാബാദിലെ, ആളൊഴിഞ്ഞ ആ ക്യാന്റീനിൽ, ജോലി രാജി വയ്ക്കാൻ എന്തായിരിക്കും പ്രൊസീജിയർ എന്ന് ആലോചിച്ച് കൊണ്ട് ഞാനൊറ്റക്കിരുന്നു.

വാൽക്കഷ്ണം : നന്ദിനി ആള് ഡീസെന്റായിരുന്നു.

Scanned and protected by Email scanner